# ഒരു ജനത ഒന്നടങ്കം ശിക്ഷിക്കപ്പെടുന്ന സന്ദർഭം

عَنْ أَبِي بَكْرٍ رَضِيَ اللَّهُ عَنْهُ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَا مِنْ قَوْمٍ يُعْمَلُ فِيهِمْ بِالْمَعَاصِي ثُمَّ يَقْدِرُونَ عَلَى أَنْ يُغَيِّرُوا ثُمَّ لَا يُغَيِّرُونَ إِلَّا أَنْ يُوشِكَ أَنْ يَعُمَّهُمُ اللَّهُ مِنْهُ بِعِقَابٍ (رواه أبو داود والترمذى والنسائى بأسانيد صحيحة)

**അബൂബക്റി(റ)ൽനിന്ന് നിവേദനം: നബി (സ) പറഞ്ഞു: "ഒരു സമൂഹത്തിൽ തിന്മകൾ നടമാടുകയും അത് മാറ്റാൻ കഴിവുള്ളവർ അത് തടയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അതിനർഥം ദൈവശിക്ഷ ആ ജനതയെ ഒന്നടങ്കം പിടികൂടാൻ സമയമായിരിക്കുന്നു എന്നാണ്" (അബൂദാവൂദ്, തിർമിദി, നസാഈ).**

വ്യക്തിയെ പോലെ സമൂഹവും ചിലപ്പോൾ തിന്മയിലേക്ക് വഴുതിവീഴാം. അത്തരം സന്ദർഭങ്ങളിൽ നന്മയെ സ്നേഹിക്കുന്നവർ ആ തിന്മ തടയാൻ മുന്നിട്ടിറങ്ങൽ നിർബന്ധമാണ്. സാമൂഹിക തിന്മക്കെതിരെ കണ്ണടച്ച് സ്വയം ഭക്തരായി ജീവിക്കുക അസാധ്യമാണ്. ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുകയും അവരിലെ തിന്മയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്ന ഒരു സംഘം എക്കാലത്തുമുണ്ടായിരിക്കണം. അങ്ങനെയൊരു കൂട്ടർ ഇല്ലാതിരിക്കുകയും സമൂഹത്തിൽ തിന്മ പടരുകയും ചെയ്താൽ സമൂഹമൊന്നടങ്കം ശിക്ഷിക്കപ്പെടുമെന്നാണ് ഈ നബിവചനം വ്യക്തമാക്കുന്നത്. മുഹമ്മദീയ പ്രവാചകത്വത്തിനു ശേഷം മുസ്‌ലിം സമൂഹത്തിലെ ഓരോ വ്യക്തിയും ഈ സാമൂഹിക ദൗത്യം നിർവഹിക്കേണ്ടതുണ്ട്. അവരത് നിർവഹിക്കാതെ അല്ലാഹുവിനോട് പ്രാർഥിച്ചാൽ പോലും ആ പ്രാർഥന സ്വീകരിക്കപ്പെടില്ലെന്ന് നബി (സ) വ്യക്തമാക്കിയിട്ടുണ്ട്. റസൂൽ (സ) പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കരങ്ങളിലാണോ അവനാണ് സത്യം; ഒന്നുകിൽ നിങ്ങൾ നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യും. അല്ലെങ്കിൽ അല്ലാഹു നിങ്ങളുടെ മേൽ ശിക്ഷ അയക്കും. പിന്നെ നിങ്ങൾ അവനെ വിളിച്ചാൽ ഉത്തരം നൽകപ്പെടുകയില്ല" (തിർമിദി).

ഏതു സമൂഹത്തിലും എക്കാലത്തും തിന്മകൾ ചെയ്യുന്ന ഒരു വിഭാഗമുണ്ടാകും. അവരാ തിന്മകൾ സമൂഹത്തിൽ പ്രചരിപ്പിക്കാനും ശ്രമിക്കും. സമൂഹത്തിലെ നന്മയെ സ്നേഹിക്കുന്ന വിഭാഗത്തിലെ കുറച്ചാളുകളെങ്കിലും ഇവർക്കെതിരെ പരസ്യമായി രംഗത്തുവരികയും അവർക്ക് ദൈവികശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും വേണം. അങ്ങനെ തിന്മക്കെതിരെ സംഘടിച്ച ഒരു ചെറിയ സംഘമെങ്കിലും ഉണ്ടാകുന്ന പക്ഷം മൊത്തം സമൂഹം രക്ഷപ്പെടും. തിന്മ ചെയ്യുന്നവരെ അവരുടെ വഴിക്ക് വിട്ട് തങ്ങളുടെ സ്വർഗം മാത്രം ലക്ഷ്യംവെച്ച് ആരാധനാകർമങ്ങളുമായി മുന്നോട്ടുപോകാനാണ് സമൂഹത്തിലെ നല്ലവരെല്ലാവരും തീരുമാനിക്കുന്നതെങ്കിൽ ശിക്ഷ പിടികൂടുക എല്ലാവരെയും ആയിരിക്കും. നബി (സ) അത് വ്യക്തമാക്കിയിട്ടുണ്ട്: "ചുരുക്കം ചിലരുടെ ചെയ്തികൾ മൂലം മറ്റുള്ളവരെ മുഴുവൻ അല്ലാഹു ശിക്ഷിക്കുകയില്ല. അവർ തങ്ങൾക്കിടയിൽ അധർമം പടരുന്നതു കാണുകയും അതു തടയാൻ കഴിവുണ്ടായിട്ടും തടയാതിരിക്കുകയും ചെയ്യുന്നതുവരെ. അങ്ങനെയവർ നിസ്സംഗരാവുന്ന പക്ഷം അല്ലാഹു അധർമികളെയും മറ്റുള്ളവരെയും ഒന്നടങ്കം ശിക്ഷിക്കുന്നതാണ്'' (മുസ്നദ് അഹ്മദ്).

തിന്മക്കെതിരെയുള്ള തുടർച്ചയായ മൗനം സമൂഹത്തിലെ നല്ലവരെ പോലും തിന്മ ചെയ്യുന്നവരിലേക്ക് അടുപ്പിക്കും. തിന്മയുടെ സദസ്സുകളിൽ പണ്ഡിതന്മാർ പോലും പങ്കെടുക്കുന്ന അവസ്ഥ പിന്നീടുണ്ടാകും. ഇസ്രയേൽ സമൂഹത്തിലെ പണ്ഡിതന്മാർക്ക് പറ്റിയ തെറ്റ് അതായിരുന്നുവെന്നും ഹദീസിൽ കാണാം. നബി (സ) പറഞ്ഞു: "ഇസ്രയേല്യർ തിന്മകളിൽ മുഴുകിയപ്പോൾ പണ്ഡിതന്മാർ അവരെ തടയുകയുണ്ടായി. പക്ഷേ, അവർ പിന്തിരിഞ്ഞില്ല. പിന്നെ പണ്ഡിതന്മാർ അവരുടെ സഭകളിൽ ചെന്നിരിക്കുകയും അവരോടൊപ്പം തിന്നുകയും കുടിക്കുകയും ചെയ്തുതുടങ്ങി. അപ്പോൾ അല്ലാഹു ഒരു വിഭാഗത്തിന്റെ ഹൃദയത്തിലെ ദുഷിപ്പ് മറുവിഭാഗത്തിന്റെ ഹൃദയത്തിലും നിറച്ചു. അങ്ങനെ ദാവൂദ് നബിയും ഈസാ നബിയും അവരെ ശപിച്ചു" (അബൂദാവൂദ്).

സംഘടിത തിന്മക്കെതിരെ സാമൂഹിക ധർമം സ്വീകരിക്കാതെ വ്യക്തിജീവിതം വിശുദ്ധമാക്കി ഇഹലോകത്തും പരലോകത്തും രക്ഷപ്പെടുക സാധ്യമല്ല. ഒരു നേരിയ തിന്മ പോലും ചെയ്യാത്ത വിശുദ്ധൻ പോലും ഇത്തരം സാമൂഹിക തിന്മ നടമാടുന്ന നാട്ടിലുണ്ടെങ്കിൽ അയാൾ പോലും രക്ഷപ്പെടില്ല. നബി (സ) പറഞ്ഞു: "ഒരു പട്ടണത്തെ അതിലെ ജനങ്ങളോടൊപ്പം കീഴ്മേൽ മറിച്ചിടാൻ അല്ലാഹു ജിബ്രീലിനോട് കൽപിച്ചു. അപ്പോൾ ജിബ്രീൽ പറഞ്ഞു: 'നാഥാ, ആ പട്ടണത്തിൽ നിന്റെ ഒരു ദാസനുണ്ട്. ഒരു ഇമവെട്ടൽ കൊണ്ടുപോലും നിന്നെ ധിക്കരിച്ചിട്ടില്ലാത്ത വ്യക്തിയാണദ്ദേഹം.' അപ്പോൾ അല്ലാഹു പറഞ്ഞു: 'അദ്ദേഹത്തിന്റെയും അവരുടെയും മുകളിലേക്ക് പട്ടണത്തെ മറിച്ചിടുക. എന്റെ ദീൻ അവഹേളിക്കപ്പെടുന്നതു കണ്ട് ഒരിക്കൽപോലും അയാളുടെ മുഖം ചുളിഞ്ഞിട്ടില്ലല്ലോ." ●